# കേരള സർവകലാശാല

നം.പി.ആർ.227/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ ഇംഗ്ലീഷ് പരീക്ഷ മാറ്റി

കേരള സർവകലാശാല ഡിസംബർ ഒന്നിന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് (സി.ബി.സി.എസ്.എസ് സ്ട്രീം) പേപ്പർ ഇ.എൻ 1542 – ഇൻഡ്യൻ ലിറ്ററേച്ചർ ഇൻ ഇംഗ്ലീഷ് പരീക്ഷ മാറ്റിവെച്ചു. പുതുക്കിയ പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

### കമ്മ്യൂണിക്കേഷൻ & ജേർണലിസം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം (2014–16 ബാച്ച് – സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അശ്വജിത്ത് സി. (രജി.നം COJ 140515) ഒന്നാം റാങ്ക് നേടി.

### എം.ഫിൽ വൈവ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം.ഫിൽ (2015–16 ബാച്ച്) ഫിസിക്കൽ എഡ്യൂക്കേഷൻ വൈവ ഡിസംബർ ഒന്നിന് കാര്യവട്ടം എൽ.എൻ.സി.പി.ഇ-യിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ബി.എ (എസ്.ഡി.ഇ) ക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ (2014 ബാച്ച്) ക്ലാസുകൾ പാളയം എസ്.ഡി.ഇ-യിൽ ഡിസംബർ 11 രാവിലെ 10 മണിക്ക് തുടങ്ങും.

### ഫെയിംലാബ് ശാസ്ത്ര മത്സരം : ദക്ഷിണേന്ത്യൻ ഫൈനൽ

കേരള സർവകലാശാലയും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ചേർന്ന് നടത്തുന്ന ഫെയിംലാബ് ശാസ്ത്രമത്സരത്തിന്റെ ദക്ഷിണേന്ത്യൻ ഫൈനൽ ടാഗോർ തിയേറ്ററിൽ നടത്തും. കാര്യവട്ടം കാമ്പസിൽ നടന്ന ത്രിദിന പരിശീലനത്തിനുശേഷം തിരഞ്ഞെടുക്കുന്ന പത്തുപേരാണ് ഫൈനലിൽ മാറ്റുരയ്ക്കുക. ഇന്ന് (30.11.2016) വൈകുന്നേരം നാല് മണിക്ക് നടക്കുന്ന സമ്മാനദാന ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. രവീന്ദ്രനാഥ്, പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് വൈസ് ചെയർമാൻ ഡോ. സുരേഷ് ദാസ് തുടങ്ങിയവർ പങ്കെടുക്കും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പ്രവേശനം സൗജന്യമായിരിക്കും.

### എം.ഫിൽ ഫലം

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം.ഫിൽ (2015–16 ബാച്ച്) ഇംഗ്ലീഷ് (പാളയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്), ലിംഗ്വിസ്റ്റിക്സ് (കാര്യവട്ടം), തിയേറ്റർ ആർട്സ് ആൻഡ് ഫിലിം ഏസ്തെറ്റിക്സ് ഫോർ എഡ്യൂക്കേഷൻ (കാര്യവട്ടം സെന്റർ ഫോർ പെർഫോമിംഗ് ആൻഡ് വിഷ്വൽ ആർട്സ്), കെമിസ്ട്രി (യൂണിവേഴ്സിറ്റി കോളേജ്), പൊളിറ്റിക്കൽ സയൻസ് (കാര്യവട്ടം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ഫിൽ എസ്.സി/എസ്.ടി സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം തമിഴ് പഠനവകുപ്പിലെ എം.ഫിൽ പ്രോഗ്രാമിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ളവർ ഡിസംബർ മൂന്ന് രാവിലെ 10.30-ന് അതത് പഠനവകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## ശിൽപശാല

കേരള സർവകലാശാല ഐ.ക്യു.എ.സിയും കേരള സർക്കാരിന്റെ ഫ്ളയർ പദ്ധതിയും സംയുക്തമായി എൻക്വയറി ലേണിങ്ങിനെക്കുറിച്ച് പ്രൊഫ. ക്ലിഫ് കസ്മാലിന്റെ നേതൃത്വത്തിൽ നടത്തിയ ദ്വിദിന ശിൽപശാല സ്വീഡനിലെ ലുണ്ട് സർവകലാശാല പ്രൊഫ. ഡോ. ബാബു നായർ ഉദ്ഘാടനം ചെയ്തു.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



(അടിക്കുറിപ്പ്:- കേരള സർവകലാശാല ഐ.ക്യു.എ.സിയും കേരള സർക്കാരിന്റെ ഫ്ളയർ പദ്ധതിയും സംയുക്തമായി നടത്തിയ എൻക്വയറി ലേണിങ്ങ് ശിൽപശാല സ്വീഡനിലെ ലുണ്ട് സർവകലാശാല പ്രൊഫ. ഡോ. ബാബു നായർ ഉദ്ഘാടനം ചെയ്യുന്നു.)

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
29.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ